പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1275** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂമി തരം മാറ്റത്തിനുള്ള കാലതാമസം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഭൂമി തരം മാറ്റുന്നതിനായി നൽകിയ അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കൽ സർക്കാരിന്റെ നൂറു ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 10,000-ൽ അധികം അപേക്ഷകളിൽ തീർപ്പുകല്പിച്ചിട്ടുണ്ട്.

**(ബി)** അപേക്ഷകൾ തീർപ്പാക്കുന്നതിന് മുൻഗണനാക്രമമോ പ്രത്യേക മാനദണ്ഡങ്ങളോ ഉണ്ടോ; വിശദമാക്കാമോ; ക്രമപ്രകാരമുള്ള അപേക്ഷ നൽകിയിട്ടും ആയത് പരിഗണിക്കാതെ മനപ്പൂർവ്വമായ കാലതാമസം വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** അപേക്ഷകൾ തീർപ്പാക്കുന്നതിന് മുൻഗണനാമാനദണ്ഡങ്ങൾ ഉണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടതും വീട് അനുവദിച്ചു നൽകിയതുമായ അപേക്ഷകളിലും, ഗുരുതര രോഗങ്ങൾക്ക് ചികിത്സാർത്ഥം ഭൂമി വിൽക്കേണ്ട/ വായ്പ ആവശ്യങ്ങൾ, വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ഭൂമി വിൽക്കേണ്ട/ വായ്പ ആവശ്യങ്ങൾ, അനുകമ്പാർഹമായ മറ്റ് സാഹചര്യങ്ങൾ എന്നിവയിലും മുൻഗണന നൽകി തീർപ്പ് കൽപ്പിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. തരംമാറ്റവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽമേൽ നടപടി സ്വീകരിക്കുന്നതിലേക്ക് അതാത് ജില്ലാ കളക്ടർമാർക്ക്/ ഓഫീസുകൾക്ക് അയച്ചുനൽകി വരുന്നു.

**(സി)** വിവാഹം, ഭവനനിർമ്മാണം, വ്യവസായം തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്നതിന് വസ്തുവിന്റെ തരം മാറ്റം അനിവാര്യമായതിനാൽ ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടതും വീട് അനുവദിച്ചു നൽകിയതുമായ കേസുകളിലെ അപേക്ഷകളിലും, ഗുരുതര രോഗങ്ങൾക്ക് ചികിത്സാർത്ഥം ഭൂമി വിൽക്കേണ്ട/ വായ്പ

ആവശ്യങ്ങൾക്കായി ഭൂമി തരംമാറ്റുന്നതിന് അപേക്ഷിച്ചിട്ടുള്ള കേസുകൾ, വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ഭൂമി വിൽക്കേണ്ട/വായ്പ ആവശ്യങ്ങൾക്കായി ഭൂമി തരംമാറ്റുന്നതിന് അപേക്ഷിച്ചിട്ടുള്ള കേസുകൾ, അനുകമ്പാർഹമായ മറ്റ് സാഹചര്യങ്ങളുള്ള അപേക്ഷകരുടെ അപേക്ഷകൾ എന്നിവ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കെ-സ്വിഫ്റ്റ് ആപ്ലിക്കേഷൻ വഴി വ്യവസായ ആവശ്യങ്ങൾക്കായി തരംമാറ്റ അപേക്ഷകൾ സമർപ്പിക്കാവുന്നതും, ആയതിന് മുൻഗണനാക്രമം ഉള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**